**രണ്ടാം അലോട്ട്മെന്റ്**
**നിർദ്ദേശങ്ങൾ**

# കേരള സർവ്വകലാശാല

## അഫിലിയേറ്റഡ് ആർട്സ് ആന്റ് സയൻസ് കോളെജുകളിലെ ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് 2019 - 2020

---

2019 - 2020 അദ്ധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള **രണ്ടാം** അലോട്ട്മെന്റ് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർ ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്.

രണ്ടാം അലോട്ട്മെന്റിൽ ആദ്യമായി അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പു വരുത്തുന്നതിനായി സർവകലാശാല ഫീസ് ഓൺലൈനായി അടയ്ക്കേണ്ടതാണ്. ഇതിനുള്ള സൗകര്യം അഡ്മിഷൻ വെബ്സൈറ്റിൽ ലോഗിൻ ചെയ്യുമ്പോൾ ലഭിക്കുന്നതാണ്. സർവകലാശാല ഫീസ് ജനറൽ വിഭാഗത്തിന് 1850/- രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 930/- രൂപയുമാണ്. ഓൺലൈൻ അപേക്ഷയിലെ അക്കാദമിക വിവരങ്ങളിൽ 'Other Board' എന്ന് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിലെ ജനറൽ വിഭാഗക്കാർക്ക് 1640/- രൂപയും എസ്.സി. /എസ്.ടി. വിഭാഗക്കാർക്ക് 720/- രൂപയും ആയിരിക്കും സർവകലാശാല ഫീസ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി ഫീസ് ഒടുക്കുമ്പോൾ ലഭ്യമാകുന്ന ഫീസ് ഒടുക്കിയതിന്റെ വിവരങ്ങൾ അടങ്ങിയ പേജിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. **നിർദ്ദിഷ്ട സമയത്തിനുള്ളിൽ (13.06.2019 5pm) സർവകലാശാല ഫീസ് ഓൺലൈനായി അടയ്ക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ അടുത്ത അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല.** അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കേണ്ടതിനായി സർവകലാശാല ഫീസ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ ഓൺലൈനായി ഒടുക്കേണ്ടതാണ്. ഒന്നാം അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിച്ചശേഷം സർവകലാശാല ഫീസ് ഓൺലൈനായി അടച്ച് തങ്ങളുടെ സീറ്റ് ഉറപ്പാക്കിയ അപേക്ഷകർക്ക് തങ്ങളുടെ ഹയർ ഓപ്ഷനുകളിലേക്ക് രണ്ടാം അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ അവർ സർവകലാശാല ഫീസ് വീണ്ടും അടയ്ക്കേണ്ടതില്ല.

അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ സർവകലാശാല ഫീസ് ഓൺലൈനായി അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കിയ ശേഷം ആവശ്യമെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ 2019 ജൂൺ 13 വൈകുന്നേരം 5 മണിക്കു മുമ്പായി നീക്കം ചെയ്യാവുന്നതാണ്. നിലനിർത്തപ്പെടുന്ന ഹയർ ഓപ്ഷനുകൾ അടുത്ത അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതും ഇങ്ങനെയുള്ള ഓപ്ഷനുകളിലേക്ക് പുതിയ അലോട്ട്മെന്റ് ലഭിച്ചാൽ ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

## തുടർന്നുള്ള അലോട്ട്മെന്റുകളും കോളേജ് പ്രവേശനവും

രണ്ടാം അലോട്ട്മെന്റിനുശേഷം ഒഴിവു വരുന്ന സീറ്റുകളിലേയ്ക്കാണ് മൂന്നാം അലോട്ട്മെന്റ് നടത്തുന്നത്. ഒന്ന്, രണ്ട്, മൂന്ന് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന അപേക്ഷകർ **മൂന്നാം അലോട്ട്മെന്റിനു ശേഷം മാത്രം** കോളേജുകളിൽ അഡ്മിഷനു വേണ്ടി ഹാജരായാൽ മതി. അഡ്മിഷനു വേണ്ടി കോളേജുകളിൽ ഹാജരാക്കുന്നതിനുള്ള അലോട്ട്മെന്റ് മെമ്മോ മൂന്നാം അലോട്ട്മെന്റിനു ശേഷം മാത്രം അഡ്മിഷൻ വെബ്സൈറ്റിൽ നിന്നു ലഭ്യമാകുന്നതാണ്.

10.06.2019